**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** | **12-07-2022 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി ലോല മേഖലയെ സംബന്ധിച്ച പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സംരക്ഷിത വന പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ പരിസ്ഥിതി ലോല മേഖലയാക്കുന്നത് ജനവാസ മേഖലയെ എങ്ങനെ ബാധിക്കുമെന്ന വിഷയം പഠന വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ, 03/06/2022-ലെ IA 1000/2003 നമ്പർ കേസിലെ വിധിയെത്തുടർന്ന്, ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗതീരുമാന പ്രകാരം, ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ച ശേഷം, ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുള്ളതും എത്രയും വേഗം പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഇതിനായി ഏതെല്ലാം സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിരിക്കുന്നത്; | (ബി) | ബഹു.സുപ്രീം കോടതിയുടെ 03/06/2022-ലെ വിധിയുടെ സാഹചര്യത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി സംസ്ഥാനത്ത് നിന്ന് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് നിലവിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള 22 സംരക്ഷിത പ്രദേശങ്ങളെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ച മതികെട്ടാൻ ഷോല ദേശീയ പാർക്കിനെയും ഇനി പ്രൊപ്പോസൽ സമർപ്പിക്കാനുള്ള കരിമ്പുഴ വന്യജീവി സങ്കേതത്തേയും സംബന്ധിച്ച പഠനത്തിനാണ് |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പഠന റിപ്പോർട്ട് സുപ്രീംകോടതിയിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ബഹു.സുപ്രീം കോടതിയുടെ വിധിയിൽ മൂന്ന് മാസത്തിനുള്ളിൽ പഠന റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശമുണ്ട്. പ്രസ്തുത സമയ പരിധിക്കുള്ളിൽ തന്നെ പഠന റിപ്പോർട്ട് ബഹു. സുപ്രീം കോടതിയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ